"ഭരണഭാഷ- മാതൃഭാഷ"

### കേരള സർക്കാർ

### സംഗ്രഹം

ഊർജ്ജ വകുപ്പ്- ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (Stage I & II) ബൂട്ട്(BOOT) കാലയളവ് 2018-ലെ പ്രളയം കാരണം, പ്രവർത്തനം മുടങ്ങിയ കാലയളവ് കൂടി ചേർത്ത് ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

**ഊർജ്ജ(ബി) വകുപ്പ്**

സ.ഉ.(കൈ) നം.2/2024/POWER തീയതി,തിരുവനന്തപുരം, 22-05-2024

---

പരാമർശം:- 1. സ.ഉ(കൈ) നം. 16/2004/ഊ.വ, തീയതി 21.06.2004

2. സ.ഉ(സാധ) നം. 117/2011/ഊ.വ, തീയതി 25.05.2011

3 07.09.2018 ലെ വിയ്യാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ എസ്/വി പി പി എൽ/സിഎം-കേരള/പി ഡി എൻ/10038 അപേക്ഷ

4 സ.ഉ(പി) നം. 2/2018/ഊ.വ, തീയതി 21.06.2018

5 സ.ഉ(സാധാ) നം. 202/2022/ഊ.വ, തീയതി 22.11.2022

6 17.05.2023 ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സി എം ഡി യുടെ KSEBL/TRAC/AE1/SHEP-Iruttukkanam-letter to ACS/2022-23/87 നം. കത്ത്

### ഉത്തരവ്

പരാമർശം (1) പ്രകാരം വിയ്യാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡിന് ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതി (SHEP) സ്റ്റേജ്-1 (2x1.5 MW) അനുവദിക്കുകയും പരാമർശം(2) പ്രകാരം അതേ സംരംഭകർക്ക് നിലവിലുള്ള 3MW ശേഷി 4.5 MW ആക്കി വർദ്ധിപ്പിച്ച് ഘട്ടം -II (1x1.5 MW) ന് അനുമതി നൽകിയിരുന്നു.

2) 30 വർഷത്തെ BOOT കാലയളവോട് കൂടി ഘട്ടം I-ന്റെ implementation agreement 10.12.2004-ന് ഒപ്പുവയ്ക്കുകയും ബൂട്ട് കാലയളവ് ദീർഘിപ്പിക്കാതെ തന്നെ രണ്ടാം ഘട്ടത്തിനായുള്ള അനുബന്ധ കരാർ 22.09.2011-ൽ ഒപ്പുവയ്ക്കുകയുണ്ടായി. എഗ്രിമെന്റ് പ്രകാരം BOOT (Build, Own, Operate & Transfer) കാലാവധി 09.12.2034 വരെയാണ്.

3) 2018 ഓഗസ്റ്റിലെ മഹാ പ്രളയത്തിൽ വ്യാപകമായ നാശനഷ്ടങ്ങൾക്ക് ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതി (SHEP) (സ്റ്റേജ്-1 & സ്റ്റേജ്-II) വിധേയമായതിനാൽ BOOT കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന പരാമർശം (3) പ്രകാരം വിയ്യാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4) പരാമർശം (4) പ്രകാരം രൂപീകരിച്ച സാങ്കേതിക സമിതി ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതിയിൽ വെള്ളപ്പൊക്കം ഉരുൾപ്പൊട്ടൽ മൂലമുള്ള നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി പരിശോധന നടത്തിയിരുന്നു. കൂടാതെ പ്രസ്തുത പദ്ധതിയുടെ BOOT കാലയളവ് ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിന് ഊർജ്ജ, ധനകാര്യ,

നിയമ വകുപ്പ് സെക്രട്ടറിമാരടങ്ങുന്ന ഒരു മൂന്നംഗ സമിതി പരാമർശം (5) പ്രകാരം രൂപീകരിക്കുകയും ചെയ്തിരുന്നു.

5) വിയ്യാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡ് പ്രസ്തുത പദ്ധതി പ്രളയമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് ശേഷം പുനരുദ്ധരിക്കുകയും ഘട്ടം 1-ലെ യൂണിറ്റ് - 1, യൂണിറ്റ് - 2 യഥാക്രമം 27.06.2019, 28.06.2019 എന്നീ തീയതികളിലും, ഘട്ടം II 08/07/2019-ലും ഗ്രിഡുമായി സമന്വയിപ്പിക്കുകയും ചെയ്തിരുന്നു എന്നും അതിനാൽ വിവിധ യൂണിറ്റുകൾക്കായി നഷ്ടപ്പെട്ട ദിവസങ്ങളുടെ എണ്ണം ചുവടെ പറയും പ്രകാരമാണ് എന്ന് പരാമർശം (6) പ്രകാരം കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്.

Unit - 1 of stage I-322 days,
Unit - 1 of stage II-333 days
Unit - 2 of stage I-323 days

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വിയ്യാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡ് ഇതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള വിവിധ കേസുകൾ പിൻവലിക്കണം എന്ന നിബന്ധനയിൽ വിയ്യാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡിന്റെ ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതി (സ്റ്റേജ് -1 & സ്റ്റേജ് 2) ക്ക് അനുവദിച്ചിട്ടുള്ള 30 വർഷത്തെ BOOT (Built, Own, Operate and Transfer) Period, 2018-ലെ പ്രളയം കാരണം, പ്രവർത്തനം മുടങ്ങിയ താഴെ പരാമർശിച്ചിട്ടുള്ള പദ്ധതി കാലയളവ് കൂടി ചേർത്ത്, കെ.എസ്.ഇ.ആർ.സി ആ പിരീഡിൽ പ്രസ്തുത പ്രോജക്ട് യൂണിറ്റുകൾ ക്ക് അംഗീകരിച്ചു നൽ കിയിട്ടുള്ള താരിഫ് നിരക്കിൽ തന്നെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

| പദ്ധതി യൂണിറ്റ് | പ്രവർത്തനം നിലച്ചതു മൂലം നഷ്ടപ്പെട്ട ദിവസങ്ങൾ |
|---|---|
| Unit - 1 of stage I | 322 |
| Unit - 1 of stage II | 333 |
| Unit - 2 of stage I | 323 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

To

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
മാനേജിംഗ് ഡയറക്ടർ, വിയ്യാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (20/05/2024 ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ അജണ്ട ഇനം നം.2169 പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Nazarudeen M
Date: 23-05-2024 11:41:16

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്